**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5310** **21-03-2025 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള എൻഫോഴ്സ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് പരിശോധന കാര്യക്ഷമമായിരുന്നെങ്കിൽ ഒരു പരിധി വരെ റോഡ് അപകടങ്ങൾ കുറയ്ക്കാൻ സാധിക്കുമായിരുന്നില്ലേയെന്ന് വ്യക്തമാക്കാമോ; | (എ) | ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കിയതു കാരണം ഒരു പരിധിവരെ റോഡപകടങ്ങൾ കുറയ്ക്കാൻ സാധിക്കുന്നുണ്ട്. |
| (ബി) | 2018-ൽ ആരംഭിച്ച സേഫ് കേരള എൻഫോഴ്സ്മെന്റ് ഏഴു വർഷം പിന്നിട്ടിട്ടും കാര്യപ്രാപ്തി കൈവരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സേഫ് കേരള എൻഫോഴ്സ്മെന്റ് പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (സി) | സേഫ് കേരള പദ്ധതി ഉദ്യോഗസ്ഥ ക്ഷാമം കാരണം നിലവിൽ എട്ട് മണിക്കൂർ പോലും പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത എൻഫോഴ്സ്മെന്റിൽ എൺപത്തി അഞ്ച് സ്ക്വാഡുകൾ ഉണ്ടെന്നു പറയപ്പെടുന്നുവെങ്കിലും നിരത്തുകളിൽ സ്ക്വാഡുകളെ കാണാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | സേഫ് കേരള പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സേഫ് കേരള പദ്ധതി നിലവിൽ 24മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. പകൽ സമയങ്ങളിൽ സ്ക്വാഡുകളുടെ പ്രവർത്തനം പൂർണ്ണതോതിൽ നടന്നു വരുന്നു. മറ്റു സമയങ്ങളിൽ അത്യാവശ്യമുള്ള പ്രദേശങ്ങളിൽ മാത്രമായി ടി സ്ക്വാഡുകളുടെ പ്രവർത്തനം പരിമിതപ്പെടുത്തിയിട്ടുണ്ട്. സ്ക്വാഡുകൾ നിരത്തുകളിൽ കാര്യക്ഷമമായ പരിശോധന നടത്തിവരുന്നുണ്ട്. |
| (ഡി) | സേഫ് കേരള എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ മറ്റു ഓഫീസ് ചുമതലകളിൽ നിന്നും പൂർണമായും ഒഴിവാക്കി എൻഫോഴ്സ്മെന്റ് ചുമതലകൾ മാത്രം നൽകി അപകടങ്ങളും നിയമലംഘനങ്ങളും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) | സേഫ് കേരള എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ അടിയന്തര ഘട്ടങ്ങളിൽ ഒഴികെ പൂർണ്ണമായും എൻഫോഴ്സ്മെന്റ് ചുമതലകൾ മാത്രമാണ് നൽകുന്നത്. ചില അടിയന്തര ഘട്ടങ്ങളിൽ ഇവരെ മറ്റു ജോലികൾക്ക് നിയോഗിക്കേണ്ടിവരുന്നുണ്ട്. നിലവിൽ ഒഴിവുള്ള എ.എം. വി.ഐ. തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഇവരുടെ ട്രെയിനിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇതിന് പൂർണ്ണ പരിഹാരമുണ്ടാകും. |

സെക്ഷൻ ഓഫീസർ